**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 153** | **22-02-2022 - ൽ മറുപടിയ്ക്ക്**

**ജയിലുകളുടെ പരിസരത്ത് പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളുടെ പരിസരത്ത് പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മോഡൽ പ്രിസൺ മാനുവൽ റൂൾ ഖണ്ഡിക 2.05, ഉപ ഖണ്ഡിക (iv) പ്രകാരം, ജയിൽ മതിലിൽ നിന്നും നിർമ്മാണ പ്രവൃത്തികളുടെ അനുമതി നൽകുന്നതിന് സെൻട്രൽ ജയിലുകളിൽ നിന്നും 150 മീറ്റർ അകലവും, ജില്ലാ ജയിലുകളിൽ നിന്നും 100മീറ്റർ അകലവും, സ്പെഷ്യൽ സബ് ജയിൽ/സബ് ജയിൽ എന്നിവിടങ്ങളിൽ നിന്നും 50 മീറ്റർ അകലവും പാലിക്കണമെന്ന് പരാമർശിക്കുന്നുണ്ട്. കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 2019 അദ്ധ്യായം 3, റൂൾ 24 (3) പ്രകാരം സുരക്ഷാ മേഖലകളിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിടങ്ങൾ പണിയുമ്പോഴോ പഴയത് അറ്റകുറ്റപണി നടത്തുമ്പോഴോ നിലവിലുള്ള കെട്ടിടത്തിനോടൊപ്പം കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴോ കെട്ടിടത്തിന്റെ ആകെ ഉയരം 10 മീറ്ററിൽ കൂടുവാൻ പാടില്ലായെന്നും അല്ലാത്തപക്ഷം അദ്ധ്യായം II റൂൾ 5 (4) ൽ പറയും പ്രകാരം അതാത് ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 29.03.2004 തീയതിയിലെ 14356/ബി2/03/ ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ ജയിൽ കോമ്പൗണ്ടിന്റെ അടുത്തുള്ള പ്ലോട്ടുകളിൽ നഗരസഭ/പഞ്ചായത്ത്, കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിനു മുൻപ് അതാതു ജില്ലാ കളക്ടറുടെ അനുമതി വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള മാനദണ്ഡങ്ങളിൽ വ്യത്യാസം വരുത്തുവാൻ പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ